**ഡോ. എസ്. ആർ. മോഹനചന്ദ്രൻ**




# സ്വതന്ത്ര വിജ്ഞാനപ്രസ്ഥാനം

മോദിസർക്കാർ ക്യാൻസറിനും ജീവിതശൈലീരോഗങ്ങൾക്കും ഉള്ള നിരവധി മരുന്നുകളുടെ വിപണി വിലയിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ എടുത്തുനീക്കി വ്യവസായികളെ ആഹ്ലാദഭരിതരാക്കുകയും, കഠിനരോഗങ്ങൾകൊണ്ടും ഉയർന്ന ചികിത്സാചെലവുകൊണ്ടും വലയുന്ന രോഗികൾക്ക് അധികം ദുരന്തം സമ്മാനിക്കുകയും ചെയ്ത വാർത്ത പുറത്തുവന്നിരിയ്ക്കുന്നു. മരുന്നിന്റെ കണ്ടുപിടുത്തം സംബന്ധിച്ച ഗവേഷണം അധികവും നടക്കുന്നത് പൊതുസ്ഥാപനങ്ങളിലാണ്. അത്തരം സ്ഥാപനങ്ങളോ ഗവേഷകരോ അല്ല, മരുന്നിന്റെ ബൗദ്ധിക സ്വത്തവകാശം സ്വന്തമാക്കുന്ന കുത്തക കമ്പനികളാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. വിജ്ഞാനത്തെ കുത്തകവത്ക്കരിക്കുന്നവർ 'ഉദാരവത്ക്കരണം' വഴി നടപ്പാക്കുന്നത് ലോക വ്യാപാര സംഘടന വഴിയുള്ള കടുത്ത ചൂഷണത്തിനുള്ള നിയന്ത്രണങ്ങളും നിയമങ്ങളുമാണ്. എല്ലാ മേഖലകളിലും വിശേഷിച്ച് വിവര സാങ്കേതികവിദ്യയുടെ കാര്യത്തിലും ഇത്തരം ലാഭം കുന്നുകൂട്ടുന്നതിനും അമിതചൂഷണം സ്ഥായിയാക്കുന്നതിനും, വിജ്ഞാനത്തിന്റെ കുത്തകവത്ക്കരണം നടക്കുന്നു.



എന്നാൽ വിജ്ഞാനത്തെ സ്വതന്ത്രമാക്കാമെന്നും പരസ്പര സഹകരണത്തിന്റെ അടിസ്ഥാനത്തിൽ തന്നാലാവുന്നത് സംഭാവന ചെയ്ത് തനിയ്ക്കാവശ്യമുള്ളത് സ്വീകരിച്ച് അമിതലാഭത്തിന്റെ പ്രേരണ കൂടാതെ തന്നെ സമൂഹത്തിന് പുരോഗതിയുടെ കുതിച്ചുചാട്ടം തന്നെ സൃഷ്ടിയ്ക്കാമെന്നും വിവരസാങ്കേതികവിദ്യാരംഗം തന്നെ കാണിച്ചുതന്നു.

ഓരോ കമ്പ്യൂട്ടറിനും ലൈസൻസ് ഫീസ് കൊടുത്ത് വാങ്ങേണ്ട സോഫ്റ്റ്‌വെയർ എന്ന അവസ്ഥ. സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുമ്പോൾ ഉടലെടുക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ കമ്പ്യൂട്ടറിന് മനസ്സിലാകുന്ന മെഷീൻഭാഷയിൽ തയ്യാറാക്കിയ സോഫ്റ്റ്‌വെയറിന്റെ, നമുക്ക് വായിക്കാൻ കഴിയുന്ന കമ്പ്യൂട്ടർഭാഷയിലുള്ള സോഴ്സ് കോഡ് ആവശ്യമാണ്. ഇതും ലഭ്യമല്ലാത്ത അവസ്ഥ. താൻ പണിയെടുക്കുന്ന അമേരിക്കയിലെ സുപ്രസിദ്ധ സ്ഥാപനമായ MIT യിലെ ഒരു Xerox പ്രിന്റർ പ്രവർത്തിപ്പിക്കുന്നതിൽ തടസ്സം നേരിട്ടപ്പോൾ യൂണിക്സ് എന്ന സോഫ്റ്റ്‌വെയറിന്റെ സോഴ്സ് കോഡ് ലഭ്യമല്ലാത്തതിനാൽ അതു പരിഹരിക്കുവാൻ കഴിയില്ല എന്ന അവസ്ഥയോടുള്ള പ്രതിഷേധത്തിൽ നിന്ന് റിച്ചാർഡ് സ്റ്റാൾമാൻ സ്വതന്ത്ര സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തു. ഒപ്പം നിലവിലുള്ള പകർപ്പാവകാശ (copyright (c)) നിയമങ്ങളിൽ നിന്നും പകർപ്പ് വിതരണാവകാശം (copyleft (ↄ)) രൂപംകൊടുക്കുകയും ചെയ്തു. ഒരാൾ സൃഷ്ട്ടിച്ച അറിവ്/സർഗ്ഗസൃഷ്ടി അയാളുടേത് എന്ന് സൂചിപ്പിച്ചുകൊണ്ട് (Attribute) വിതരണം നടത്താനും പരിഷ്ക്കരിക്കാനും, പരിഷ്ക്കരിച്ചത് നിർബന്ധമായും എല്ലാവർക്കും ലഭ്യമാക്കാനും ഈ പുതിയ നിയമം നിഷ്കർഷിക്കുന്നു. ഇതിനു വേണ്ട പശ്ചാത്തലമൊരുക്കാൻ 1989 ൽ ഫ്രീസോഫ്റ്റ്‌വെയർ ഫൗണ്ടേഷൻ അദ്ദേഹം രൂപീകരിച്ചു. ഇതരമേഖലകളിൽ ഈ വിപ്ലവകരമായ ആശയം പ്രാവർത്തികമാക്കാൻ ലോറൻസ് ലെസ്സിംഗ് 2001 ൽ ക്രിയേറ്റീവ് കോമൺസ് സ്ഥാപിച്ച് നിയമപരവും സാങ്കേതികവുമായ പശ്ചാത്തലസൗകര്യം സൃഷ്ടിച്ചു. ജനറൽ പബ്ലിക് ലൈസൻസ് എന്ന ആശയംവഴി പുസ്തകങ്ങൾ, പാട്ടുകൾ, വീഡിയോദൃശ്യങ്ങൾ, ഗവേഷണഫലങ്ങൾ എല്ലാം നമുക്ക് ഇന്റർനെറ്റിൽ ലഭ്യമാക്കാൻ ഈ നിയമങ്ങൾ സഹായിക്കുന്നു. ലൈസൻസ് ഫീ ഇല്ലാതെ നമ്മുടെ കമ്പ്യൂട്ടറിൽ റെഡ്ഹാറ്റ് ലിനക്സ്, ഉബുണ്ടു, ഡെബിയൻ, ഫെഡോറ തുടങ്ങിയ നിരവധി ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ, മൊബൈൽ ഫോണുകളിലെ ആൻഡ്രോയിഡ് സോഫ്റ്റ്‌വെയറുകൾ, ആയിരക്കണക്കിന് സൗജന്യമായി ഉപയോഗിക്കാവുന്ന ആപ്പുകൾ, ഏതുവിവരവും വിരൽതുമ്പിലെത്തിക്കുന്ന, എൻസൈക്ലോപീഡിയ ബ്രിട്ടാനിയ്ക്കയെ നിഷ്പ്രഭമാക്കിയ സ്വതന്ത്ര വി

ജ്ഞാനകോശം വിക്കിപ്പീഡിയ, സ്വതന്ത്രലൈബ്രറികൾ; അറിവ് ജനകീയവത്ക്കരിക്കപ്പെടുകയാണ്. ഏതു കുത്തകയെയും വെല്ലുന്ന കാര്യക്ഷമതയോടെ കൃത്യമായ മേൽനോട്ടത്തിന്റെയും പരസ്പര സഹകരണ നിയമങ്ങളുടേയും അടിസ്ഥാനത്തിൽ ലക്ഷക്കണക്കിനാളുകൾ നിർമ്മിക്കുകയും നിരന്തരം മെച്ചപ്പെടുത്തുകയും ചെയ്യുന്ന ഈ രീതി വിവരസാങ്കേതികാവിദ്യാരംഗത്തുനിന്നും ഓപ്പൺഹാർഡ്‌വെയർ, ഓപ്പൺ സോഴ്സ് ഡ്രഗ് ഡിസ്ക്കവറി (OCDD) തുടങ്ങിയ മേഖലകളിലേക്കും വ്യാപിക്കുന്നു. എൻ.ജി.ഒ കൾക്കു പകരം എൻ.പി.ഒ. കൾ (Non Profit Organizations (N.P.O)) ഉണ്ടാകുന്നു. (FSF, Wiki).

ലോകത്തിലെ ഏറ്റവും വേഗതയേറിയ കമ്പ്യൂട്ടറുകൾ എല്ലാം പ്രവർത്തിക്കുന്നത് മൈക്രോസോഫ്റ്റ് പോലുള്ള പ്രൊപ്രൈറ്ററി സോഫ്റ്റ്‌വെയറിലല്ല. സ്വതന്ത്രസോഫ്റ്റ്‌വെയറിലാണ്. ഇന്ത്യയിലെ CSIR ക്ഷയരോഗം, മലേറിയ തുടങ്ങിയ അസുഖങ്ങൾക്ക് മരുന്ന് വിപണം ചെയ്യാൻ ലാഭേച്ഛയുള്ള കമ്പനികൾ തയ്യാറാവാത്തതിനാൽ 2008 ൽ OSDD പ്ലാറ്റ്ഫോം രൂപീകരിച്ചു. 7500 ഓളം ഗവേഷണ സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും ലോകാരോഗ്യസംഘടന തുടങ്ങിയ ഏജൻസികളും ചേർന്ന് സംയുക്തമായി ഗവേഷണം നടത്തുകയും വിവരങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യുന്നു. ക്ഷയരോഗാണുവിന്റെ ജനിതകഘടന ഇതിനകം കണ്ടുപിടിക്കുകയും ചെയ്തുകഴിഞ്ഞു. 2002 ൽ പ്രവർത്തനം


**ഡോ. ബി ഇക്ബാൽ**


**ഡോ. എം ആർ ബൈജു**

വിക്കിപീഡിയ
സ്വതന്ത്ര വിജ്ഞാനകോശം

ആരംഭിച്ച മലയാളം വിക്കിപീഡിയ മഹാകാവ്യങ്ങളുൾപ്പെടെ 30000 ഇനങ്ങൾ മലയാളത്തിൽ ലഭ്യമാക്കിക്കഴിഞ്ഞു. ഐറ്റി. @ സ്കൂളിലൂടെ ചുരുങ്ങിയ ചെലവിൽ വിവരസാങ്കേതികവിദ്യ വിദ്യാർത്ഥികളുടെ കൈകളിലെത്തിച്ചു. ലൈബ്രറികൾ ആധുനികവത്ക്കരിക്കാൻ പണം കണ്ടെത്താൻ വിഷമിക്കുന്ന സർവ്വകലാശാലകൾക്ക് സ്വതന്ത്രസോഫ്റ്റ്‌വെയറായ കോഹ (koha) ഉപയോഗിച്ച് സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം സാധ്യമാകുന്നു. പ്രാദേശിക ലൈബ്രറികൾക്ക് നാട്ടറിവും ചരിത്രവും ശേഖരിക്കാനും ഇത് ഉപയോഗിക്കാം. സ്വതന്ത്ര മലയാളം ഡി.റ്റി.പി. സൈക്രബസ് ഇന്ന് ലഭ്യമാണ്.

എണ്ണിയാലൊടുങ്ങാത്ത മേഖലകളിൽ അറിവിന്റെ കുത്തകവത്ക്കരണം അവസാനിപ്പിച്ച് ജനാധിപത്യവത്ക്കരണം നടപ്പാക്കാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടുവാനുള്ള സംഘടിത ഇടപെടലിന്റെ ഭാഗമായി ഫ്രീസോഫ്റ്റ്‌വെയർ മൂവ്മെന്റ് ഓഫ് ഇന്ത്യ (FSMI), കേരളഘടകമായ സ്വതന്ത്രവിജ്ഞാന ജനാധിപത്യ സഖ്യം (DAKF : Democratic Alliance for Knowledge Freedom) എന്നീ സംഘടനകൾ രൂപംകൊണ്ടിട്ടുണ്ട്. DAKF രണ്ടാം സംസ്ഥാന സമ്മേളനം 2014 സെപ്റ്റംബർ 27ന് മുൻ വിദ്യാഭ്യാസവകുപ്പ് മന്ത്രി എം.എ. ബേബി ഉത്ഘാടനം ചെയ്തു. ഇതോടൊപ്പം കൊച്ചിൻ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയനുമായി ചേർന്ന് സംഘടിപ്പിച്ച സ്വതന്ത്രവിജ്ഞാനോത്സവം പൊതുമരാമത്ത് വകുപ്പുമന്ത്രി വി.കെ. ഇബ്രാഹിം കുഞ്ഞ് ഉത്ഘാടനം ചെയ്തു. ഇന്ത്യൻ ഭാഷകൾക്കുള്ള ഡി.റ്റി.പി പാക്കേജുകളായ സൈക്രബസ്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുള്ള സയന്റിഫിക് കമ്പ്യൂട്ടിംഗ് ടൂളുകളായ സ്കൈലാബ്/ഒക്ടേവ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള മൂഡിൽ (Learning Management System) സ്ഥിതിവിവരകണക്കുകളുമായി ബന്ധപ്പെട്ട R ലാംഗ്വേജ്, പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ERP, ബദൽ നവമാധ്യമങ്ങൾ, മലയാളം കമ്പ്യൂട്ടിംഗ്, IPR തുടങ്ങി നിരവധി വിഷയങ്ങളിൽ വർക്ക്ഷോപ്പുകളും, സെമിനാറുകളും നടന്നു. സർക്കാർവകുപ്പുകളിൽ സ്വതന്ത്രസോഫ്റ്റ്‌വെയറിന്റെ ഉപയോഗം സംബന്ധിച്ച സെമിനാറിൽ കെ.ജി.ഒ.എ. സംസ്ഥാന പ്രസിഡന്റ് റ്റി.കെ. സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. കേരള എൻ.ജി.ഒ .യൂണിയൻ സംസ്ഥാന പ്രസിഡന്റ് പി.എച്ച് എം. ഇസ്മയിൽ, ഉത്ഘാടനം ചെയ്ത് സംസാരിച്ചു. രണ്ടാം സംസ്ഥാന സമ്മേളനം പ്രസിഡന്റായി ഡോ. ബി. ഇക്ബാലിനെയും ജനറൽ സെക്രട്ടറിയായി കെ.ജി.ഒ.എ. സംസ്ഥാനകമ്മറ്റിയംഗം കൂടിയായ ഡോ. എം.ആർ ബൈജുവിനെയും വീണ്ടും തെരഞ്ഞെടുത്തു.

*ലേഖനത്തിൽ പരമാർശിച്ചിട്ടുള്ള വിശദാംശങ്ങൾ ആവശ്യമുള്ളവർക്ക് വിക്കിപീഡിയ വഴിയും, ഇന്റർനെറ്റ് സെർച്ച് എഞ്ചിൻ വഴിയും കൂടുതൽ വിവരങ്ങൾ ജനറൽ പബ്ലിക് ലൈസൻസ് പ്രകാരവും ലഭ്യമാണ്. ഇന്ത്യക്കാർ പൊതുവേ ഇതെല്ലാം ഡൗൺലോഡ് ചെയ്യുന്നതിൽ മാത്രം തത്പരരാണ്. എന്നാൽ മിച്ചസമയം ഇത്തരം വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും, ഇത്തരം സേവനം ലഭ്യമാക്കുന്നവർക്ക് കഴിവിനനുസരിച്ച് സാമ്പത്തിക സഹായം ചെയ്യുന്നതിലും പിന്നിലുമാണ്.* ●